## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 351 — 14.10.2011 -ൽ മറുപടിയ്ക്ക്

### വനവിഭവ ശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, കെ.കെ. ജയചന്ദ്രൻ<br>,, പുരുഷൻ കടലുണ്ടി<br>,, കെ.വി. വിജയദാസ് | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്തെ വനപ്രദേശത്തു നിന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആർക്കാണ്; | എ) 2006-ലെ വനാവകാശ നിയമപ്രകാരം ചെറുകിട വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന്റെ പൊതു അവകാശമാണ്. ചെറുകിട വനവിഭവങ്ങൾ ഒഴികെയുള്ള വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. |
| ബി) ഈ അവകാശം സംബന്ധിച്ച് തുടർന്നുപോരുന്ന നിലപാടിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) നിലവിൽ തുടർന്നുപോരുന്ന ഈ നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. നിലവിൽ തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അനുവാദം പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് റെയിഞ്ച് അടിസ്ഥാനത്തിൽ സൗജന്യമായി ഒരോ സാമ്പത്തിക വർഷത്തേക്കും നൽകി വരുന്നു. കൂടാതെ 13.10.1997 ലെ ജി ഒ (എം എസ്) 84/97/വനം പ്രകാരമുള്ള പങ്കാളിത്ത വന പരിപാലന മാർഗ നിർദ്ദേശങ്ങളനുസരിച്ച് വന സംരക്ഷണ സമിതികളിലും, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലും അംഗങ്ങളായ ആദിവാസികളും തടിയേതര വന വിഭവ ശേഖരണം നടത്തി വരുന്നു.<br>വനം വകുപ്പിന്റെ തോട്ടങ്ങളിൽ നിന്നും അടച്ചുമുറി, ഇടമുറി എന്നിവ വഴി ലഭ്യമാകുന്ന തടി, കഴകൾ, വിറക് എന്നിവ വനം വകുപ്പ് നിയോഗിക്കുന്ന കൺവീനർമാർ വഴിയോ, കോൺട്രാക്ടർമാർ വഴിയോ ശേഖരിക്കുന്നു. യൂക്കാലി, അക്കേഷ്യ എന്നീ പൾപ്പ് മര തോട്ടങ്ങളിൽ നിന്നുള്ള തടി പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് കേരള വന വിഭവ വിൽപ്പന നിർണ്ണയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരോ വർഷവും |

നിശ്ചയിക്കുന്ന വിലയ്ക്ക് നൽകി വരുന്നു. ബന്ധപ്പെട്ട സ്ഥാപനമാണ് ശേഖരണം നടത്തുന്നത്. ഈറ്റ, മുള എന്നീ വിഭവങ്ങൾ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് കൂപ്പ് തിരിച്ച് അലോട്ട് ചെയ്യുന്നു. ഈ വിഭവങ്ങൾ ശേഖരിക്കുന്നത് ബന്ധപ്പെട്ട സ്ഥാപനങ്ങളാണ്.

| | | | |
|---|---|---|---|
| സി) | ഈ രംഗത്ത് പ്രവർത്തിച്ചുവന്ന ട്രൈബൽ സൊസൈറ്റികൾ എത്രയാണ്; ഈ വർഷം അവയ്ക്ക് ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ടോ; | സി) | കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ ശുപാർശ ചെയ്യുന്ന പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് റെയിഞ്ചടിസ്ഥാടിസ്ഥാനത്തിൽ സൗജന്യമായി ഒരോ സാമ്പത്തിക വർഷത്തേക്കും തടിയേതര വന വിഭവ ശേഖരണത്തിനുള്ള അവകാശം നൽകി വരുന്നു. ഇത്തരത്തിൽ 32 പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് 31.03.2012 വരെ തടിയേതര വന വിഭവശേഖരണത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| ഡി) | ട്രൈബൽ സൊസൈറ്റികൾക്കല്ലാതെ മറ്റാർക്കെല്ലാമാണ് ഇപ്പോൾ പ്രസ്തുത അവകാശം നൽകിയിരിക്കുന്നത്? | ഡി) | 2006-ലെ വനാവകാശ നിയമപ്രകാരം ചെറുകിട വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന്റെ പൊതു അവകാശമാണ്. ഈ അവകാശം സംബന്ധിച്ച് വനാവകാശ നിയമപ്രകാരമുള്ള തീരുമാനം ആകുന്നതുവരെ തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അനുവാദം പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് റെയിഞ്ച് അടിസ്ഥാനത്തിൽ സൗജന്യമായി ഒരോ സാമ്പത്തിക വർഷത്തേക്കും നൽകി വരുന്നു. കൂടാതെ 13.10.1997 ലെ ജി ഒ (എം എസ്) 84/97/വനം പ്രകാരമുള്ള പങ്കാളിത്ത വന പരിപാലന മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് വന സംരക്ഷണ സമിതികളിലും, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലും അംഗങ്ങളായ ആദിവാസികളും തടിയേതര വന വിഭവ ശേഖരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ